MALAYALA MANORAMA

# ദേശീയ പരിസ്ഥിതി ചലച്ചിത്ര മേളയിലേക്ക് എട്ടു കേരള ചിത്രങ്ങൾ

സ്വന്തം ലേഖകൻ

ന്യൂഡൽഹി ∙ പരിസ്ഥിതി, വന്യജീവി വിഷയങ്ങളിലെ ചിത്രങ്ങൾക്കുള്ള 'സിഎംഎസ് വാതാവരൺ' ദേശീയ ചലച്ചിത്രോത്സവത്തിൽ കേരളത്തിൽനിന്നുള്ള എട്ടു ചിത്രങ്ങൾ ഇടംനേടി. ഡിസംബർ ആറുമുതൽ പത്തുവരെ ഡൽഹിയിൽ നടക്കുന്ന മേളയിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കും.

കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ സഹകരണത്തോടെ സിഎംഎസ് എന്ന ഗവേഷണ സംഘടനയാണു ചലച്ചിത്രോത്സവം ഒരുക്കുന്നത്. വിദേശത്തുനിന്നു 17 ഉൾപ്പെടെ 68 ചിത്രങ്ങൾ ഈ വർഷം തിരഞ്ഞെടുക്കപ്പെട്ടു; ഡൽഹിയിൽനിന്നാണ് ഏറ്റവുമധികം ചിത്രങ്ങൾ-21. രണ്ടാം സ്ഥാനം കേരളത്തിന്.

21 വിദേശരാജ്യങ്ങളിൽനിന്നും രാജ്യത്തെ 21 സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച അപേക്ഷകളിൽനിന്നാണ് ഇത്രയും ചിത്രങ്ങൾ തിരഞ്ഞെടുത്തത്. കേരളത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങൾ: എ പെസ്റ്ററിങ് ജേണി, ഹോം-അവർ ഗാർഡൻ ഓഫ് ഈഡൻ, ദ് ബ്ലാക്ക്‌വാട്ടർ പാഡി ആൻഡ് ഹിസ് ഹിർഡ്, മൈ ഹോം ഇസ് ഗ്രീൻ, ഷെൽറ്റർ, ദ് ബേർഡ് കാപ്ചർ, ദ് ഹോൾ ഓഫ് ജടായു, വൃശ്ചികത്തിലെ ആൽമരം.